### തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക്

204 (204) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കോവിഡ്, നിപ്പ, എച്ച്1 എൻ1, ഡിഫ്തീരിയ എന്നീ പകർച്ചവ്യാധികൾ ബാധിച്ച രോഗികളെ സുരക്ഷിതരായി കിടത്തുന്നതിന് നിർമ്മിക്കുന്ന ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്കിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്കിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

### ജില്ലാ ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് കേന്ദ്രങ്ങളിലേയ്ക്ക് കമ്മ്യൂണിക്കേഷൻ ഓഫീസർ നിയമനം

205 (205) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് കേന്ദ്രങ്ങളിലേയ്ക്ക് കമ്മ്യൂണിക്കേഷൻ ഓഫീസർ പോസ്റ്റിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നുവോ?

ഇല്ല.

(ബി) ഇതിനായി നിശ്ചയിച്ചിരുന്ന യോഗ്യതകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

15-12-1989-ലെ സ.ഉ. (കൈ) നം. 266/89/ആ.കു.വ. പ്രകാരം കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിലെ യോഗ്യത താഴെ പറയും പ്രകാരമാണ്.

Qualification

I. Post Graduate Degree or Diploma in Communication/ Journalism/Social Work/Health Education/Community Development from a recognised University/Institution

II. 5 Years experience in supervisory capacities in conducting communication/extension educational activities or in organizing training courses for Health Personnel (Experience Certificate obtained from a competent authority will only be considered).

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം ജില്ലകളിലാണ് കമ്മ്യൂണിക്കേഷൻ ഓഫീസർ പോസ്റ്റിലേയ്ക്ക് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പോസ്റ്റിലേയ്ക്ക് ഏതൊക്കെ ജില്ലകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് കേന്ദ്രങ്ങളിലേയ്ക്കാണ് കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നത്. പ്രസ്തുത കേന്ദ്രങ്ങളിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തിക

206 (206) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശപ്രകാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എണ്ണം ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ആരോഗ്യ വകുപ്പിന് കീഴിൽ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) 2018-ൽ ആർദ്രം പദ്ധതിക്ക് കീഴിൽ അഞ്ഞൂറ്റി നാൽപ്പത്തിയേഴ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചിരുന്നോ; എങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ടി തസ്തികകൾ ഒഴിവാക്കിയതെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചിരുന്നു. ആർദ്രം പദ്ധതി നടത്തിപ്പിന് അനിവാര്യമായ തസ്തികകൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ.

(സി) ആരോഗ്യ വകുപ്പ് 16 വർഷമായി നടത്തിവരുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രസ്തുത സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?